"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ബഹു. ഹൈക്കോടതിയുടെ 02/08/2023-ലെ OP(KAT)429/2022 എന്ന അപ്പീൽ കേസിലെ വിധി പാലിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി സാറാ കെ.വി.-യെ 24.11.2018 പ്രാബല്യത്തിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2024/AYUSH തീയതി, തിരുവനന്തപുരം, 19-01-2024

---

പരാമർശം:-

(1) 25.11.2005-ലെ സ.ഉ.(പി)നം.501/2005/ധന - നമ്പർ ഉത്തരവ്.

(2) 09.02.2010-ലെ സ.ഉ.(പി)നം.61/2010/ധന - നമ്പർ ഉത്തരവ്.

(3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)No.181/2020 - നമ്പർ കേസിന്മേലുള്ള 02.06.2022-ലെ ഉത്തരവ്.

(4) ബഹു.ഹൈക്കോടതിയുടെ OP(KAT)No.429/2022 - നമ്പർ അപ്പീൽ കേസിന്മേലുള്ള 02.08.2023-ലെ വിധിന്യായം.

(5) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 25.09.2023 - ലെ DHTVM/2035/2021-EB1 - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സാറാ കെ.വി. യെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM)No.181/2020-നമ്പർ കേസ് ഫയൽ ചെയ്തിരുന്നു.

(2) ടി കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം-(3) പ്രകാരമുള്ള ഉത്തരവിൽ 2010 മാർച്ച് മാസം മുതൽ പരാതിക്കാരിയെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്യുന്നതിനും, സാക്ഷ്യപ്പെടുത്തിയ വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിൽ ലഭിച്ച് 2 മാസത്തിനുള്ളിൽ 2010 മാർച്ച് മാസം മുതലുള്ള എല്ലാ ആനുകൂല്യങ്ങളും കണക്കാക്കി നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ OP(KAT)No.429/2022 എന്ന അപ്പീൽ കേസ് ഫയൽ ചെയ്യുകയും, ആയതിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം-(4) പ്രകാരമുള്ള വിധിന്യായം പ്രകാരം 24.11.2018 മുതൽ (ഡിസ്പെൻസറി 100 ചതുരശ്രമീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏര്യയുള്ള പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയ തീയതി) ശ്രീമതി സാറാ കെ.വി.യെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്തുകൊണ്ടും, പ്രസ്തുത തീയതി മുതലുള്ള ആനുകൂല്യങ്ങൾ സഹിതം നിശ്ചിത സമയത്തിനുള്ളിൽ ടിയാൾക്ക് നൽകുന്നതിനും ഉത്തരവാകുകയുണ്ടായി.

(3) 04.02.1991-ലെ സ.ഉ.(എം.എസ്.)നം.32/91/ആ.കു.വ. - നമ്പർ ഉത്തരവ് പ്രകാരം പ്രവർത്തനം ആരംഭിച്ച കോഴിക്കോട് ജില്ലയിലെ കക്കോടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയും അനുവദിച്ചിരുന്നു. ശ്രീമതി സാറാ കെ.വി. 08.08.2005 മുതൽ ടി ഡിസ്പെൻസറിയിൽ ഒന്നിടവിട്ട മാസങ്ങളിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വന്നിരുന്നു. 18.03.2015-ലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ടി ഡിസ്പെൻസറിയുടെ സ്വീപ്പിംങ് ഏര്യ 80.67 $m^2$ ആയിരുന്നു. 24.11.2018-ൽ ടി ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയപ്പോൾ സ്ഥാപനത്തിന്റെ സ്വീപ്പിംങ് ഏര്യ പരാമർശം (1),

(2) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം 179.27m2 (22.02.2019-ലെ സ്വീപ്പിംങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം) ആണെന്ന് കോഴിക്കോട് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി സാറ കെ.വി. 2010 മാർച്ച് മുതൽ ടി ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി തുടർന്നു വരികയാണ്.

(4) കോഴിക്കോട് ജില്ലയിലെ കക്കോടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തിക നിലവിലുള്ളതിനാലും, 08.08.2005 മുതൽ ശ്രീമതി സാറാ കെ.വി. ടി ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരുന്നതിനാലും, ഇപ്പോൾ സ്വീപ്പിങ് ഏര്യ 100 ച.മീറ്ററിൽ കൂടുതൽ ഉള്ളതിനാലും, പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ചും, ബഹു.ഹൈക്കോടതിയുടെ പരാമർശം-(4)-ലെ വിധിന്യായം പ്രകാരവും, ശ്രീമതി സാറാ കെ.വി.യെ ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 24.11.2018 മുതൽ സ്ഥിരപ്പെടുത്തുന്നതിന് പരാമർശം(5) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്യുകയുമുണ്ടായി.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയുടെ 02.08.2023-ലെ OP(KAT)No.429/2022 എന്ന അപ്പീൽ കേസിലെ വിധി പാലിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സാറാ കെ.വി. യെ 24.11.2018 തീയതി പ്രാബല്യത്തിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനും, ടി തീയതി മുതലുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(6) അപ്രകാരം പരാമർശം-(4)-ലെ ബഹു.ഹൈക്കോടതിയുടെ 02.08.2023-ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

(1) അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
(2) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
(3) ശ്രീമതി സാറാ കെ.വി., കാഷ്വൽ സ്വീപ്പർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, കക്കോടി, കോഴിക്കോട്. (ഹോമിയോപ്പതി വകുപ്പ് മേധാവി മുഖാന്തിരം)
(4) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോഴിക്കോട്.
(5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
(6) ധനകാര്യ (വ്യയം-സി) വകുപ്പ് (30.11.2023-ലെ 1950546/EXP-C2/105/2021-FIN പ്രകാരം)
(7) വിവരവും, പൊതുജനസമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(8) പൊതുഭരണ (എസ്.സി.) വകുപ്പ്.
(9) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 20-01-2024 10:09:11

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു.ആരോഗ്യവും, വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.-ന്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-01-2024

ഫയൽ നം. ആയുഷ്-സി2/1/2022/ആയുഷ്.

ഇനം നം: 2012

വിഷയം : ആയുഷ് വകുപ്പ് - ബഹു. ഹൈക്കോടതിയുടെ 02.08.2023-ലെ OP(KAT)429/2022 എന്ന അപ്പീൽ കേസിലെ വിധി പാലിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. സാറാ കെ.വി.-യെ 24.11.2018 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

2012

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ആയുഷ്-സി2/1/2022/ആയുഷ് |
| 2 | വകുപ്പ് | ആയുഷ് (സി) വകുപ്പ് |
| 3 | വിഷയം | ബഹു. ഹൈക്കോടതിയുടെ 02.08.2023-ലെ OP(KAT) 429/2022 എന്ന അപ്പീൽ കേസിലെ വിധി പാലിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സാറാ കെ.വി.യെ 24.11.2018 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.12.2023 |
| 5 | i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സീമ എസ്. |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 20.12.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. വേണു |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.01.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12.01.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.01.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും, തീയതിയും. | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സാറാ കെ.വി.യെ, സർക്കാരും, മറ്റ് 3 കക്ഷികളും ചേർന്ന് ഫയൽ ചെയ്ത ബഹു.ഹൈക്കോടതിയുടെ 02.08.2023-ലെ OP(KAT)429/2022 എന്ന അപ്പീൽ കേസിലെ വിധിന്യായ പ്രകാരം 24.11.2018 തീയതി പ്രാബല്യത്തിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സാറാ കെ.വി.യെ റഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൾ ഫയൽ ചെയ്ത OA(EKM)181/2020 എന്ന കേസിൽ പരാതിക്കാരിയ്ക്ക് അനുകൂലമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 02.06.2022-ൽ പുറപ്പെടുവിച്ച വിധിയിന്മേൽ സർക്കാർ ഫയൽ ചെയ്ത OP(KAT)No.429/2022 എന്ന അപ്പീൽ പരിഗണിച്ച ബഹു.ഹൈക്കോടതി ടി അപ്പീൽ 02.08.2023-ൽ തള്ളുകയും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02.06.2022-ലെ OA(EKM)181/2020 എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ചില ഭേദഗതികളോടെ സ്ഥിരീകരിക്കുകയുമാണുണ്ടായത്.

3) 04.02.1991-ലെ സ.ഉ.(എം.എസ്.)നം.32/91/ആ.കു.വ.-നമ്പർ ഉത്തരവ് പ്രകാരം പ്രവർത്തനം ആരംഭിച്ച കോഴിക്കോട് ജില്ലയിലെ കക്കോടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയും അനുവദിച്ചിരുന്നു. ശ്രീമതി സാറാ കെ.വി. 08.08.2005 മുതൽ ടി ഡിസ്പെൻസറിയിൽ ഒന്നിടവിട്ട മാസങ്ങളിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വന്നിരുന്നു. 18.03.2015-ലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം ടി ഡിസ്പെൻസറിയുടെ സ്വീപ്പിംങ് ഏര്യ 80.67 $m^2$ ആയിരുന്നു. 24.11.2018-ൽ ടി ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയപ്പോൾ സ്ഥാപനത്തിന്റെ സ്വീപ്പിംങ് ഏര്യ 25.11.2005-ലെ സ.ഉ.(പി)നം.501/2005/ധന-നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 179.27$m^2$ (22.02.2019-ലെ സ്വീപ്പിംങ് ഏര്യ സർട്ടിഫിക്കറ്റ് പ്രകാരം) ആണെന്ന് കോഴിക്കോട് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി സാറ കെ.വി. 2010 മാർച്ച് മുതൽ ടി ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി തുടർന്നു വരികയാണ്.

4) സ്വീപ്പിങ് ഏര്യ 100 ച.മീറ്ററിൽ കൂടുതലും, പാർട്ട്-ടൈം-സ്വീപ്പർ തസ്തിക അനുവദിച്ചിട്ടുമുള്ള ടി സ്ഥാപനത്തിലെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റഗുലറൈസ്

ചെയ്യുന്നതിനു വേണ്ടി ശ്രീമതി സാറാ കെ.വി. ഫയൽ ചെയ്ത OA(EKM) 181/2020 എന്ന കേസിന്മേൽ വന്ന 02.06.2022-ലെ വിധിന്യായ പ്രകാരം 2010 മാർച്ച് മാസം മുതൽ പരാതിക്കാരിയെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്യുവാനും, സാക്ഷ്യപ്പെടുത്തിയ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 2 മാസത്തിനുള്ളിൽ 2010 മാർച്ച് മാസം മുതലുള്ള എല്ലാ ആനുകൂല്യങ്ങളും കണക്കാക്കി പരാതിക്കാരിക്ക് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ OP(KAT)429/2022-ായി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 02.08.2023-ലെ വിധിന്യായ പ്രകാരം 24.11.2018 മുതൽ (ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയ തീയതി) ശ്രീമതി സാറാ കെ.വി.യെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്തുകൊണ്ടും, പ്രസ്തുത തീയതി മുതലുള്ള ആനുകൂല്യങ്ങൾ സഹിതം നിശ്ചിത സമയത്തിനുള്ളിൽ ടിയാൾക്ക് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

5) ഈ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ കക്കോടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തിക നിലവിലുള്ളതിനാലും, 08.08.2005 മുതൽ ശ്രീമതി സാറാ. കെ.വി. ടി ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരുന്നതിനാലും, ഇപ്പോൾ സ്വീപ്പിങ് ഏര്യ 100 ച.മീറ്ററിൽ കൂടുതൽ ഉള്ളതിനാലും, 25.11.2005-ലെ സ.ഉ.(പി)നം.501/2005/ധന, 09.02.2010-ലെ സ.ഉ.(പി)നം.61/2010/ധന എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ചും, ബഹു.ഹൈക്കോടതിയുടെ OP(KAT)429/2022 എന്ന കേസിലെ വിധിന്യായം പ്രകാരവും, ശ്രീമതി സാറാ കെ.വി.യെ ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 24.11.2018 മുതൽ സ്ഥിരപ്പെടുത്തുന്നതിന് ഹോമിയോപ്പതി മേധാവി ശിപാർശ ചെയ്യുകയുമുണ്ടായി.

6) ബഹു. ഹൈക്കോടതിയുടെ 02.08.2023-ലെ ഉത്തരവിന്മേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കക്കോടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ ശ്രീമതി സാറാ കെ.വി.യെ 24.11.2018 മുതൽ സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യവകുപ്പ് അനുമതി നൽകുന്നു. ഇതിന്റെ ഫലമായുള്ള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

7) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സാറാ കെ.വി.-യെ ബഹു.ഹൈക്കോടതിയുടെ 02.08.2023-ലെ OP(KAT)429/2022 എന്ന അപ്പീൽ കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിലും, കക്കോടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തിക നിലവിലുള്ളതിനാലും, 08.08.2005 മുതൽ ശ്രീമതി

സാറാ കെ.വി. ടി ഡിസ്പെൻസറിയിൽ ജോലി ചെയ്തുവരുന്നതിനാലും, ഇപ്പോൾ സ്വീപ്പിങ് ഏര്യ 100 ച.മീറ്ററിൽ കൂടുതൽ ഉള്ളതിനാലും, 25.11.2005-ലെ സ.ഉ.(പി)നം.501/2005/ധന, 09.02.2010-ലെ സ.ഉ.(പി)നം.61/2010/ധന എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ചും, മുൻ ഖണ്ഡികയിലെ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി. സാറാ കെ.വി.യെ ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 24.11.2018 മുതൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ബഹു.ഹൈക്കോടതിയുടെ OP(KAT) 429/2022 കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിലേക്കായി കക്കോടി ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി സാറാ കെ.വി. യെ, പ്രസ്തുത ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ ഏറ്റവും കുറഞ്ഞ പരിധിയായ 100 ചതുരശ്ര മീറ്റർ അധികരിച്ച 24.11.2018 പ്രാബല്യത്തിൽ നിലവിലുള്ള പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് അതിനനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണോ?